പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 28 — 26.02.2018 -ൽ മറുപടിക്ക്.

# വിശപ്പുരഹിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) വിശപ്പുരഹിത കേരളം പദ്ധതി സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) വിശപ്പുരഹിത കേരളം പദ്ധതി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പാക്കാൻ തീരുമാനിച്ചതനുസരിച്ച് ടി പദ്ധതി നടത്തിപ്പിനായി 29.12.2017 ലെ സർക്കാർ ഉത്തരവ് (സാധാ) 489/2017/ഭ.പൊ.വി.വ പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച 40,89,375/- രൂപ ജില്ലാ കളക്ടറുടെ ടി.എസ്.ബി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി ഏറെക്കുറെ പൂർത്തിയായി കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതിയിൽ പങ്കാളിയാകാൻ ആഗ്രഹമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകളിൽ ഏറ്റവും കുറവ് അടങ്കൽ തുക രേഖപ്പെടുത്തിയ ഗാന്ധി സ്മാരക നിധിയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ടി സംഘടനയെ തിരുവനന്തപുരം ജില്ലയിലെ പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ തിരുവനന്തപുരം ജില്ലയിലും പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയ്ക്ക് ധാന്യവിതരണത്തിന് പെർമിറ്റ് നൽകിയിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) ഇല്ല. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയ്ക്ക് ഭക്ഷ്യധാന്യ വിതരണം നടത്തുന്നതിനായി കേന്ദ്രത്തിൽ നിന്നും വെൽഫെയർ സ്കീമിൽ അനുവദിക്കുന്ന ഭക്ഷ്യധാന്യം 2017-18 സാമ്പത്തിക വർഷത്തിലെ ആദ്യ പകുതിയിലേയ്ക്കുള്ള അലോട്ട്മെന്റ് മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയത് പ്രകാരം 2017 സെപ്റ്റംബർ മാസം വരെയുള്ള വിതരണം നടത്തിയിരുന്നു. രണ്ടാം പകുതിയിലേയ്ക്കുള്ള വിഹിതം ലഭ്യമാകാതിരിക്കുന്ന |

| | | | |
|---|---|---|---|
| | | | സാഹചര്യം കണക്കിലെടുത്ത് മുൻഗണന/ എ.എ.വൈ സ്കീമുകളിൽ നീക്കിയിരിപ്പുള്ള സ്റ്റോക്കിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് വിതരണം നടത്താൻ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് യാതൊരു ബുദ്ധിമുട്ടും നാളിതുവരെ ഉണ്ടായിട്ടില്ല. |
| (സി) | നിർത്തലാക്കിയെങ്കിൽ ആയത് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ: | (സി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| (ഡി) | ഈ വർഷത്തെ ബജറ്റിൽ വിശപ്പുരഹിത കേരളം പദ്ധതിക്ക് എത്ര തുക വകയിരുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | 70 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷത്തേയ്ക്ക് പതിനാല് കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**